LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സർവ്വകലാശാലയുടെ പഠനകേന്ദ്രങ്ങൾ

108 [3091] *ശ്രീ. ടി. എൻ. പ്രതാപൻ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ:
,, കെ. സുധാകരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല അതിന്റെ പരിധിക്ക് പുറത്ത് പഠനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം സർവ്വകലാശാലയ്ക്ക് എന്ത് സാമ്പത്തികലാഭം ഉണ്ടാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

(സി) സാമ്പത്തിക ലാഭം കണക്കാക്കിയിട്ടില്ല.

കേരളത്തിൽ അറബിക് സർവ്വകലാശാല

109 [3092] *ശ്രീ. യു. സി. രാമൻ:*
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അറബിക് സർവ്വകലാശാല രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെ; ഇതിന്റെ ആസ്ഥാനം ഏത് ജില്ലയിൽ എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ അഫിലിയേറ്റ് ചെയ്യാനുദ്ദേശിക്കുന്ന അറബിക് കോളേജുകൾ എത്ര; ഇതിൽ ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യ മേഖലകളിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി സർക്കാർ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിക്കഴിഞ്ഞോ;

(എഫ്) ഇതിന്റെ പ്രവർത്തനം ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ ആരംഭിക്കാനാവുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (എഫ്) അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഒരു പുതിയ സർവ്വകലാശാല സ്ഥാപിക്കാൻ വേണ്ടിവരുന്ന ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ സർക്കാരിന് ഇപ്പോൾ കഴിയുകയുമില്ല.

എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത

110 [3093] *ശ്രീ. ലൂഡി ലൂയിസ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. മോഹൻകുമാർ:
,, *കെ. എ. ചന്ദ്രൻ:*
,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിന് സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ നിർണ്ണയിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എന്താണ്;

(ബി) എ.ഐ.സി.ടി.ഇ. എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എന്താണ്;

(സി) ഇക്കാര്യത്തിൽ നമ്മുടെ സർവ്വകലാശാലകൾ നിർണ്ണയിച്ചിട്ടുള്ള യോഗ്യതയും എ.ഐ.സി.ടി.ഇ. നിശ്ചയിച്ചിട്ടുള്ള യോഗ്യതയും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; ഇപ്രകാരം വ്യത്യാസം വരുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മാത്തമാറ്റിക്സിനു പ്രത്യേകമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയ്ക്ക് മൊത്തത്തിൽ 50% മാർക്കും നേടി കേരള ഹയർ സെക്കണ്ടറിയോ, തത്തുല്യ പരീക്ഷയോ ജയിച്ചവർക്ക് എഞ്ചിനീയറിംഗ് ഡിഗ്രി പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

(ബി) ഫിസിക്സും, മാത്തമാറ്റിക്സും നിർബന്ധിത വിഷയങ്ങളായും, കെമിസ്ട്രി, ബയോളജി, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ഇവയിലേതെങ്കിലും ഒരു വിഷയവും കൂടിയുള്ള 10+2 പരീക്ഷാ വിജയം.

LIBRARY ARCHIVES Kerala Legislative Assembly